# Malayala Manorama

## 20 August 2018

## Kadamakkudy, Flood, Road Damaged



കടമക്കുടി- വരാപ്പുഴ റോഡിൽ പ്രധാന പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നപ്പോൾ.

# കടമക്കുടിയിലേക്കുള്ള റോഡ് തകർന്നു

വരാപ്പുഴ● കടമക്കുടി- വരാപ്പുഴ റോഡിൽ പ്രധാന പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നു. ഇതോടെ കടമക്കുടി ദ്വീപ് പൂർണമായും ഒറ്റപ്പെട്ടു. പ്രളയത്തെ തുടർന്നുള്ള കനത്ത ഒഴുക്കിലാണു പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നത്.

കടമക്കുടി നിവാസികൾക്കു പുറം ലോകവുമായി ബന്ധപ്പെടാനുള്ള ഏക മാർഗമാണിത്. വരാപ്പുഴ പഞ്ചായത്തിന്റെയും കടമക്കുടി പഞ്ചായത്തിന്റെയും അതിർത്തിയിലാണു പാലം.

പാലത്തിന്റെ അപകടാവസ്ഥ ചൂണ്ടിക്കാട്ടി മനോരമ വാർത്തകൾ നൽകിയതിനെ തുടർന്ന് ഉദ്യോഗസ്ഥർ പരിശോധന നടത്തി റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ തുടർ നടപടികൾ ഉണ്ടായില്ല.

പൊതുമരാമത്ത് വകുപ്പിനാണു നിലവിൽ റോഡിന്റെയും പാലത്തിന്റെയും ചുമതല.